# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 5232 06.02.2014-ൽ മറുപടിയ്ക്ക്

### ദേശീയ സ്ക്കൂൾ കായിക താരങ്ങൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിലെ വീഴ്ച

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) ദേശീയ സ്ക്കൂൾ കായികമേള-യിൽ പങ്കെടുക്കാൻ റാഞ്ചിയിലേയ്ക്ക് പുറപ്പെട്ട കായിക താരങ്ങൾക്ക് ട്രെയിനിൽ റിസർവേഷൻ സൗകര്യം ചെയ്ത് നൽകിയിരുന്നുവോ ;<br><br>(ബി) ഇല്ലെങ്കിൽ റിസർവേഷൻ ടിക്കറ്റ് ശരിയാക്കാനാകാതെ വന്ന സാഹചര്യം വിശദമാക്കാമോ ; | (എ) & (ബി) 2014 ജനുവരി 8 മുതൽ 12 വരെ റാഞ്ചിയിൽ നടന്ന ദേശീയ സ്ക്കൂൾ കായിക മേളയിൽ പങ്കെടുക്കുവാനുള്ള കേരളാ ടീമിന് വേണ്ട റയിൽവേ ടിക്കറ്റ് റിസർവേഷൻ 2013 നവംബർ 15-ാം തീയതി ചെയ്തിരുന്നതാണ്. യാത്രയ്ക്ക് 51 ദിവസം മുൻപു തന്നെ ടിക്കറ്റ് റിസർവ് ചെയ്തതിനാൽ മുഴുവൻ ടീമിനും യാത്രചെയ്യുന്നതിനായി സീറ്റും ബർത്തും ലഭ്യമാകുമെന്ന് പ്രതീക്ഷിച്ചു. എന്നാൽ റാഞ്ചിയിലേക്ക് മറ്റ് ട്രെയിനുകൾ ഇല്ലാതിരുന്നതിനാലാണ് മുഴുവൻ ടീമംഗങ്ങൾക്കും ബർത്ത് ലഭ്യമാകാതിരുന്നത്. |

(...............2)

(സി) ഇത് സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരി-ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് പൊതു താൽപര്യ ഹർജി ബഹു:ഹൈക്കോടതി - യിൽ ഡബ്ല്യൂ പി.(സി) നമ്പർ 1705 പ്രകാരം ശ്രീ. ടിറ്റു ചെറിയാൻ നൽകിയിട്ടുണ്ട്. അതിൽ ബഹു: ഹൈക്കോടതി ആവശ്യപ്പെട്ട പ്രകാരം വിശദമായ സ്റ്റേറ്റ്മെന്റ് ഹൈക്കോടതി മുമ്പാകെ നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരി-ക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

Sindhu

സെക്ഷൻ ഓഫീസർ